LIBRARY ARCHIVES Kerala Legislative Assembly

പാലക്കാട് ജില്ലയിലെ പി.എച്ച്.സി., സി.എച്ച്.സി. എന്നിവിടങ്ങളിലെ ഒഴിവുകൾ

66(2534) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ പി.എച്ച്.സി., സി.എച്ച്.സി. എന്നിവിടങ്ങളിലെ ഒഴിവുകളുടെ കണക്ക് അസംബ്ലി മണ്ഡലം തിരിച്ച് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഡോക്ടർമാരുടെ ഒഴിവുള്ള തസ്തികകളിൽ അഡ്ഹോക്ക് വ്യവസ്ഥയിൽ ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്. പി.എസ്.സി. വഴി നികത്തേണ്ടതായ തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രൊമോഷൻ മുഖാന്തരം നികത്തേണ്ട ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പാർട്ട് ടൈം സ്വീപ്പറുടെ ഒഴിവിലേക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ലഭിച്ച ലിസ്റ്റിൽ നിന്നും ഇന്റർവ്യൂവിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ആശുപത്രി അറ്റന്റന്റ് ഗ്രേഡ്- 2 മാരുടെ പ്രൊമോഷൻ നടപടികൾ ജില്ലാ മെഡിക്കൽ ആഫീസിൽ നിന്നും ആരംഭിച്ചിട്ടുണ്ട്. അതുവഴി ആശുപത്രി അറ്റൻഡന്റ് ഗ്രേഡ്-I, നഴ്സിംഗ് അസിസ്റ്റന്റ് എന്നിവരുടെ ഒഴിവുകൾ നികത്തുന്നതാണ്.

തൃശ്ശൂർ ജില്ലയിലെ ലാബ് ടെക്നീഷ്യൻ തസ്തിക

67(2535) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ ആരോഗ്യ വകുപ്പ് ലാബ് ടെക്നീഷ്യൻ തസ്തിക ഗ്രേഡ്-II ൽ നിന്നും ഗ്രേഡ് I-ലേക്ക് പ്രൊമോഷൻ നൽകുന്നതിന് ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ നിലവിലുണ്ടോ; ലാബ് ടെക്നീഷ്യൻ ഗ്രേഡ് II-ൽ നിന്നും ഗ്രേഡ് I-ലേക്ക് പ്രൊമോഷൻ നടത്തിയിട്ട് എത്ര വർഷത്തോളമായി;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) നിലവിലെ ലാബ് ടെക്നീഷ്യൻ തസ്തിക സ്റ്റാഫ് പാറ്റേൺ ഏതു വർഷം നിലവിൽ വന്നതാണ്;

(സി) പലതരത്തിലുള്ള പകർച്ചവ്യാധികളും, രോഗങ്ങളും അനുദിനം ഉണ്ടാകുന്ന സാഹചര്യത്തിൽ ഒരുപാടു രോഗികൾ ആശുപത്രികളിൽ ചികിത്സ തേടിയെത്തുന്നത് കണക്കിലെടുത്ത്, മതിയായ തോതിൽ ലാബ് ടെക്നീഷ്യന്മാരുടെ തസ്തിക എണ്ണം ഉയർത്തി നിശ്ചയിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ;

(ഡി) നിലവിൽ ലാബ് ടെക്നീഷ്യൻ ഗ്രേഡ്-II തസ്തിക ഒഴിവുകൾ തൃശ്ശൂർ ജില്ലയിൽ നികത്താനുണ്ടോ; എങ്കിൽ അത് നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) തൃശ്ശൂർ ജില്ലയിൽ മാത്രമായിട്ടല്ല ഗ്രേഡ് 2-ൽ നിന്നും ഗ്രേഡ് 1-ലേക്ക് പ്രൊമോഷൻ നൽകുന്നത്. ഗ്രേഡ് 2-ൽ നിന്നും ഗ്രേഡ് 1-ലേക്കുള്ള പ്രൊമോഷൻ സംസ്ഥാന തലത്തിലാണ്. സംസ്ഥാന തലത്തിലുള്ള ഒഴിവുകളുടെ അടിസ്ഥാനത്തിലാണ് പ്രൊമോഷൻ നൽകുന്നത്. 22-11-2013-ലാണ് അവസാനമായി ലാബ് ടെക്നീഷ്യൻ ഗ്രേഡ്-2-ൽ നിന്നും ഗ്രേഡ് 1-ലേക്ക് പ്രൊമോഷൻ നടന്നത്.

(ബി) 1961-ലെ സ്റ്റാഫ് പാറ്റേൺ ആണ് ആരോഗ്യ വകുപ്പിൽ ഇപ്പോഴും നിലവിലുള്ളത്.

(സി) ലാബ് ടെക്നീഷ്യന്മാരുടെ അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

(ഡി) നിലവിൽ ഒരു ഒഴിവ് ഉണ്ട്. മേൽ ഒഴിവ് പി.എസ്.സി.-ക്ക് ഉദ്യോഗാർത്ഥിയെ നിയമന ശിപാർശ ചെയ്യുന്നതിനായി അറിയിച്ചിട്ടുണ്ട്.

ജീവിതശൈലീ രോഗങ്ങൾ തടയാൻ നടപടി

68(2536) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നിന്ന് ഉന്മൂലനം ചെയ്തതും എന്നാൽ വീണ്ടും റിപ്പോർട്ട് ചെയ്യപ്പെടുന്നതുമായ രോഗങ്ങൾക്കും ജീവിതശൈലീ രോഗങ്ങൾക്കുമെതിരെ ഒരു കർമ്മപദ്ധതി നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly